## കത്തുകൾ

# മുജാഹിദ് ഐക്യം

**'മുജാഹിദ്** ഐക്യം സുമനസ്സുകളുടെ സ്വപ്നം' എന്ന ശൈഖ് മുഹമ്മദ് കാരകുന്നിന്റെ ലേഖനവും 'ആത്മാർഥതയുണ്ടെങ്കിൽ ഐക്യത്തിന് തടസ്സമില്ല' എന്ന ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയുമായുള്ള അഭിമുഖവും വിവിധ മുസ്‌ലിം സംഘടനകളുടെ നിർദേശങ്ങളും പഠനാർഹവും ചിന്തനീയവുമാണ് (ലക്കം: 34). ഹുസൈൻ മടവൂരിന്റെ 'ആശയ വ്യതിയാനം ഒരു പുകമറ' എന്ന ഗ്രന്ഥത്തിൽ പലയിടത്തും ഐക്യത്തിനുവേണ്ടിയുള്ള ആഹ്വാനം കാണാം. ചില ഉദാഹരണങ്ങൾ: 'മർഹൂം കെ.എം മൗലവി, സയ്യിദ് അബ്ദുർറഹ്മാൻ ബാഫഖി തങ്ങളോടൊത്ത് രാഷ്ട്രീയ, സാമൂഹിക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കെ.എം മൗലവി സ്ഥാപിച്ച തിരൂരങ്ങാടി യതീംഖാന കോംപ്ലക്സിലെ പള്ളിക്ക് തറക്കല്ലിട്ടത് മർഹൂം ബാഫഖി തങ്ങളായിരുന്നു. പാണക്കാട് പൂക്കോയതങ്ങൾ ഇമാമത്ത് നിൽക്കുകയും പി.പി അബ്ദുൽഗഫൂർ മൗലവി ഖുത്വുബ നിർവഹിക്കുകയും ചെയ്തുകൊണ്ട് മലപ്പുറത്ത് പെരുന്നാൾ നമസ്കാരങ്ങൾ നടന്നിട്ടുണ്ട്. മർഹൂം അബുസ്സ്വബാഹ് മൗലവിയും കെ.എം സീതിസാഹിബും ഫാറൂഖ് കോളേജ് കെട്ടിപ്പടുത്തത് മർഹൂം ബാഫഖി തങ്ങൾ, ഖാൻ ബഹാദൂർ ആറ്റക്കോയ തങ്ങൾ എന്നിവരുടെ കൂടെ പ്രവർത്തിച്ചുകൊണ്ടാണ്...... (പേജ് 19,20).

'തീവ്ര സ്വഭാവവും ശൈലിയുമുള്ള രണ്ടോ മൂന്നോ പേരൊഴിച്ചാൽ നമ്മുടെ നേതാക്കന്മാരെല്ലാം ഐക്യത്തിനുവേണ്ടി പരമാവധി വിട്ടുവീഴ്ച ചെയ്യുന്നുണ്ട്. സുഹൈർ ചുങ്കത്തറ എഴുതിയ 'മുസ്‌ലിം സഹകരണസമിതി', 'ഒന്നാവേണ്ട, ഒന്നിച്ചിരിക്കാം' തുടങ്ങിയ ലേഖനങ്ങൾ ഉദാഹരണം. ചില മുജാഹിദ് പണക്കാരുടെ കല്യാണങ്ങൾക്ക് നിക്കാഹ് പാണക്കാട് തങ്ങളും ഖുത്വ്ബ ടി.പി അബ്ദുല്ലക്കോയ മദനിയും നടത്തിയതിനു ഞാൻ സാക്ഷിയാണ്. സൗഹൃദവേദി നടത്തുന്ന നോമ്പുതുറ സൽക്കാരങ്ങളിൽ സുന്നീ പണ്ഡിതന്മാരെ തുടർന്നുകൊണ്ടു എ.പി അബ്ദുൽഖാദിർ മൗലവി ഉൾപ്പെടെയുള്ളവർ നമസ്കരിക്കാറുണ്ട്. 'സമസ്ത'യുടെ പ്രസിഡന്റ് ഇ.കെ അബൂബക്കർ മുസ്‌ലിയാർ മരിച്ചപ്പോൾ കേരള ജംഇയ്യത്തുൽ ഉലമ പ്രസിഡന്റായിരുന്ന കെ.എൻ ഇബ്റാഹീം മൗലവി മയ്യിത്ത് സന്ദർശിക്കുകയും കുടുംബാംഗങ്ങളെയും ബന്ധുക്കളെയും ആശ്വസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുജാഹിദുകൾക്കെതിരെ അതിശക്തമായി പ്രസംഗിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്ന നാട്ടിക മൂസ മുസ്‌ലിയാർ മരിച്ചപ്പോൾ ടി.പി അബ്ദുല്ലക്കോയ മദനി അനുശോചന സന്ദേശം പുറപ്പെടുവിക്കുകയും മനുഷ്യ സ്നേഹിയായ ഒരു




നേതാവായിരുന്നു അദ്ദേഹം എന്ന് അനുസ്മരിക്കുകയും ചെയ്തിട്ടുണ്ട്......

'കോഴിക്കോട് വലിയ ഖാദിയായിരുന്ന മർഹൂം സയ്യിദ് ശിഹാബുദ്ദീൻ ഇമ്പിച്ചിക്കോയ തങ്ങളുടെ ഖുർആൻ പരിഭാഷ പുറത്തിറക്കിയ പരിപാടിയിൽ ടി.പി അബ്ദുല്ലക്കോയ മദനി പങ്കെടുത്ത് സംസാരിച്ചിട്ടുണ്ട്. ടി.പി മാനേജിംഗ് ഡയറക്ടറായ ഫാറൂഖ് ഹോസ്പിറ്റൽ ഉദ്ഘാടനം ചെയ്തതു തന്നെ പാണക്കാട് ശിഹാബ് തങ്ങളാണ്. ഇത്രയേറെ വിശാലമായ സമീപനമാണ് നമ്മുടെ നേതൃരംഗത്തുള്ളവർ തുടർന്നുപോന്നത്' (പേജ്. 20, ആശയവ്യതിയാനം ഒരു പുകമറ - അൻവാർ പബ്ലിക്കേഷൻ - കുനിയിൽ 2003 ഡിസംബർ).

ശാഖാപരമായ കാര്യങ്ങളെ ഉദാഹരിച്ച് അദ്ദേഹം തുടർന്നെഴുതുന്നു: 'നമസ്കാരത്തിൽ ബിസ്മി ഉറക്കെ ചൊല്ലുന്നത് ബിദ്അത്ത് മുൻകറത്ത് ആയിത്തീർന്നിട്ടുണ്ട് ഇവിടെ ചിലർക്ക്. ഈ വിഷയത്തിൽ അമാനി മൗലവിയുടെ വാക്കുകൾ നോക്കൂ: നമസ്കാരത്തിൽ ബിസ്മി ഉറക്കെ ചൊല്ലുന്നതോ പതുക്കെ ചൊല്ലുന്നതോ നല്ലത്? ഇതിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നാഭിപ്രായമാണുള്ളത്. നമസ്കാരത്തിൽ ബിസ്മി ഉറക്കെ ചൊല്ലിയാലും പതുക്കെ ചൊല്ലിയാലും നമസ്കാരത്തിൽ അതുമൂലം ഭംഗംനേരിടുമെന്ന് ആരും പറയുന്നില്ല. രണ്ടിലൊന്നു നിർബന്ധമാണെന്നും ആർക്കും അഭിപ്രായമില്ല. രണ്ടിൽ ഏതാണ് നല്ലത് എന്നതിൽ മാത്രമേ ഭിന്നിപ്പുള്ളൂ

## കുറ്റകൃത്യങ്ങൾക്ക് എങ്ങനെ തടയിടാം?

**രാജ്യത്ത്** ഏറ്റവുമധികം കുറ്റകൃത്യങ്ങൾ നടക്കുന്ന സംസ്ഥാനമായിട്ടുണ്ട് കേരളം. കഴിഞ്ഞവർഷം രാഷ്ട്രീയ കലാപങ്ങളിൽ ഏറ്റവും കൂടുതൽ പ്രവർത്തകർ നഷ്ടപ്പെട്ടത് ബി.ജെ.പിക്കും സി.പി.എമ്മിനുമാണ്. ഇത് ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കൈകൊള്ളുകയാണ് യഥാർഥത്തിൽ രാഷ്ട്രീയ പാർട്ടികൾ ചെയ്യേണ്ടത്. തങ്ങളുടെ അനുയായികളെ മൂല്യവും ധർമബോധമുള്ളവരുമാക്കി വളർത്താൻ പാർട്ടികൾക്ക് ബാധ്യതയുണ്ട്. എന്ത് അക്രമവും തെമ്മാടിത്തവും ചെയ്തുവന്നാലും പാർട്ടിയും നേതാക്കളും രക്ഷക്കെത്തുമെന്നാണ് അണികളുടെ വിശ്വാസം. അതിനാൽ കുറ്റവാളികളുടെ ഒളിത്താവളം കൂടിയാണ് ഇന്ന് രാഷ്ട്രീയ പാർട്ടികൾ.

മനുഷ്യർക്ക് മൂല്യവും ധർമവും അഭ്യസിപ്പിക്കുന്നതും പരിശീലിപ്പിക്കുന്നതും മതങ്ങളാണ്. ഇത്തരം മൂല്യങ്ങൾക്കൊന്നും രാഷ്ട്രീയ അജണ്ടയിൽ യാതൊരു സ്ഥാനവുമില്ല. മതം രാഷ്ട്രീയത്തിൽ ഇടപെടരുത് എന്നാണ് അവയുടെ സൂത്രവാക്യം. ഇനി മതപുരോഹിതന്മാർ തന്നെ രാഷ്ട്രീയത്തിൽ പ്രവർത്തിച്ചാലും മതാധ്യാപനങ്ങളെ പിണ്ഡം വെച്ച് അകറ്റിനിർത്തിയിരിക്കും. അതിനാൽ അവരും ഫലത്തിൽ മതമുക്ത രാഷ്ട്രീയം തന്നെയാണ് കളിക്കുന്നത്.

**വി. മൂസമൗലവി കൊളത്തൂർ**

(*വിശുദ്ധ ഖുർആൻ വിവരണം* 1/105). ഈ ഉദ്ധരണി വിശദീകരിച്ചുകൊണ്ടു ഹുസൈൻ മടവൂർ ചോദിക്കുന്നു: 'കെ. എൻഎം പ്രസിദ്ധീകരിച്ച ഖുർആൻ പരിഭാഷയിൽ ഇങ്ങനെ ഉണ്ടെങ്കിലും ഇന്നാരെങ്കിലും ബിസ്മി ഉറക്കെച്ചൊല്ലിയാൽ അവനെ ബിദ്അത്തുകാരനാണെന്ന് മുദ്രയടിച്ചു പുറത്താക്കാൻ മാത്രം ആഴത്തിലാണ് ഇപ്പോഴത്തെ അജ്ഞത (അതേപുസ്തകം-പേജ് 55).

ഒടുവിൽ ഇങ്ങനെ കുറിക്കുന്നു: പ്രശ്നപരിഹാരത്തിന് ആരുടെ മധ്യസ്ഥശ്രമവും നാം സ്വീകരിക്കും. സംഘടനക്കു പുറത്തുള്ള മാന്യന്മാരുടെ ശ്രമങ്ങൾ പ്രത്യേകിച്ചും (അതേ പുസ്തകം-പേജ്. 136). ഇത് കണക്കിലെടുത്ത് ഐക്യശ്രമത്തിനായി മുസ്‌ലിംലീഗു പോലുള്ള സംഘടനകൾ രംഗത്തു വരണം.

**കെ. മൊയ്തീൻകോയ ശിവപുരം**

## ചുരുക്കെഴുത്ത്

**തകരുന്ന** ഐക്യത്തെക്കുറിച്ചുള്ള മുഖചിത്രം(ലക്കം: 34) നന്നായി. ആ അവസാനത്തെ ഇഴകൂടി അറ്റുപോവുന്നതിന് മുമ്പ് ഇരു മുജാഹിദ് വിഭാഗങ്ങൾക്കും അല്ലാഹുവിന്റെ പാശം മുറുകെ പിടിക്കാനുള്ള സന്മനസ്സും സൗഭാഗ്യവുമുണ്ടാവട്ടെ.

**കെ.എ മമ്മൂട്ടി കവിയൂർ**

**കഴിഞ്ഞത്** മറക്കാനും പൊറുക്കാനും തയാറായാൽ മുജാഹിദ് സംഘടനകളുടെ ലയന പ്രക്രിയ അതിവേഗം ബഹുദൂരം മുന്നോട്ടുപോകും. ഇതൊരു 'ലൈവ്' ഇഷ്യൂ ആക്കി ഉയർത്തിക്കൊണ്ടുവന്നതിന് അഭിനന്ദനങ്ങൾ.

**വി.കെ റഫീഖ് ജിദ്ദ**

## മദ്റസകൾ അവർക്കും അവകാശപ്പെട്ടത്

പശ്ചിമബംഗാളിലെ മദ്റസകളിൽ ഹിന്ദു വിദ്യാർഥികൾ പഠിക്കുന്നുണ്ടെന്ന് *മില്ലി ഗസറ്റ്* റിപ്പോർട്ട് ചെയ്തതായി *പ്രബോധന*ത്തിൽ (ജനുവരി 26) വായിച്ചു. പശ്ചിമബംഗാളിൽ മാത്രമല്ല, യു.പിയിൽ ദയൂബന്ദികൾ നടത്തുന്ന ആയിരത്തോളം മദ്റസകളിൽ ഇതര മതവിഭാഗങ്ങളിലെ കുട്ടികൾക്കും പ്രവേശനം അനുവദിച്ചിട്ടുണ്ട്. ദയൂബന്ദ് ദാറുൽ ഉലൂം പ്രൊ. വൈസ്ചാൻസലർ ഖാദി മൗലാനാ മുഹമ്മദ് ഉസ്മാൻ ഈയിടെ ഒരു ദേശീയ ദിനപത്രത്തിന് അനുവദിച്ച അഭിമുഖത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

വിശുദ്ധ ഖുർആൻ എല്ലാ മനുഷ്യർക്കുമുള്ള മാർഗദർശനവും പ്രവാചകൻ മുഴുലോകത്തിനും കാരുണ്യവുമാണെങ്കിൽ, ഖുർആന്റെയും പ്രവാചകന്റെയും അധ്യാപനങ്ങൾ പഠിപ്പിക്കപ്പെടുന്ന മദ്റസകൾ ഒരു പ്രത്യേക സമുദായത്തിന് മാത്രമായിപ്പോകുന്നതിൽ അപാകതയില്ലേ? സമൂഹത്തെ മുഴുവൻ സത്യത്തിലേക്ക് ക്ഷണിക്കാൻ ബാധ്യസ്ഥരായ മുസ്‌ലിംകൾ ഖുർആൻ പഠന കേന്ദ്രങ്ങളായ മദ്റസകളിലേക്ക് ഇതര മതവിഭാഗങ്ങളെ സഹർഷം സ്വാഗതം ചെയ്യാൻ സന്നദ്ധരാവേണ്ടതുണ്ട്.

ഖുർആനും അല്ലാഹുവും പ്രവാചകന്മാരും പള്ളിയും മദ്റസകളുമെല്ലാം മുസ്‌ലിം സമുദായത്തിൽ പിറന്ന പാരമ്പര്യ മുസ്‌ലിംകളുടെ മാത്രം സ്വന്തമാണെന്ന ധാരണ ഇസ്‌ലാം പഠിപ്പിക്കുന്ന മാനവികതക്ക് വിരുദ്ധമാണ്. മലേഷ്യൻ ക്രൈസ്തവർ തങ്ങളുടെ മതസാഹിത്യങ്ങളിലും പ്രസിദ്ധീകരണങ്ങളിലും 'ഗോഡി'ന് പകരം 'അല്ലാഹു' എന്ന് എഴുതിയതിനെതിരെ പ്രതിഷേധിച്ച മലേഷ്യൻ മുസ്‌ലിംകളും ഇസ്‌ലാമിക മാനവികതക്ക് അന്യമായ വിഭാഗീയ സങ്കുചിതത്തം തന്നെയാണ് പ്രകടിപ്പിച്ചത്.

ചരിത്രപരമായ കാരണങ്ങളാലും മറ്റും രാജ്യത്തെ പ്രബല മത സമൂഹങ്ങളായ ഹൈന്ദവ-ഇസ്‌ലാം വിഭാഗങ്ങൾക്കിടയിൽ തെറ്റിദ്ധാരണകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ, പരസ്പരം അടുത്തറിയാനും സൗഹൃദം വളർത്തിയെടുക്കാനും ഹിന്ദു-മുസ്‌ലിം വിദ്യാർഥികളുടെ ഒന്നിച്ചിരുന്നുള്ള മദ്റസാക്ലാസുകളിലെ പഠനം ഏറെ സഹായകമാവുമെന്ന് തീർച്ച.


മലപ്പുറം ജില്ലയിലെ പുളിക്കൽ എഎം.എം ഹൈസ്കൂളിൽ 8-ാം ക്ലാസിൽ ഒരു അമുസ്‌ലിം വിദ്യാർഥി ഖുർആനും ഹദീസും ഉൾപ്പെടെ ഓറിയന്റ് അറബി പഠിച്ചിരുന്നതും തിരൂരങ്ങാടിയിലെ സുല്ലമുസ്സലാം ഓറിയന്റൽ ഹൈസ്കൂളിൽ വർഷങ്ങൾക്കു മുമ്പുതന്നെ അമുസ്‌ലിം വിദ്യാർഥികൾ അറബി പഠിക്കാൻ തുടങ്ങിയതും, മലപ്പുറം ജില്ലയിലെ തന്നെ മൊറയൂരിൽ മദ്റസയിൽ അമുസ്‌ലിം കുട്ടി ഖുർആൻ പഠിച്ചിരുന്നതും ഇവിടെ അനുസ്മരിക്കാവുന്നതാണ്.

**റഹ്മാൻ മധുരക്കുഴി**

## ജമാഅത്തെ ഇസ്‌ലാമിയുടെ വിശാലമനസ്കത

**മുജാഹിദ്** പ്രസ്ഥാനത്തിന്റെ വർത്തമാന ദുരനുഭവം മുഴുവൻ സംഘടനകൾക്കും പാഠമാണ്. 'സമസ്ത' പിളർന്ന ശേഷം മുസ്‌ലിം സമുദായത്തിന് പ്രത്യക്ഷത്തിൽ നഷ്ടമുണ്ടായെങ്കിലും പരോക്ഷമായി സുന്നീ സംഘടനകളിൽ സാഹചര്യത്തിനനുസരിച്ച് നയംമാറ്റം ഉണ്ടാകുകയും പുതിയ പ്രവർത്തന രീതികൾ പരീക്ഷിക്കാൻ അത് ഇടവരുത്തുകയും ചെയ്തിട്ടുണ്ട്. പക്ഷേ, മുജാഹിദ് സംഘടനയിലെ പിളർപ്പിന് ഇങ്ങനെയൊരു ക്രിയാത്മക വശമില്ല. മാധ്യമങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും ഇരു വിഭാഗവും ആരോപണ പ്രത്യാരോപണങ്ങൾ തുടർന്നു. വീഡിയോ ക്ലിപ്പിങ്ങോടു കൂടിയ ഖണ്ഡന പ്രസംഗം 'സമസ്ത'യിലെ ഇരു ചേരികളെയും തോൽപിച്ചു കളഞ്ഞു. മുസ്‌ലിം സമുദായത്തിൽ നന്മയിൽ വിശ്വസിക്കുന്ന, ഐക്യം കൊതിക്കുന്ന സുമനസ്സുകൾ സമുദായത്തെ മൊത്തം ശപിക്കുന്ന അവസ്ഥയായിരുന്നു അത്. 'സമസ്ത'യിലും മുജാഹിദിലും പിളർപ്പുണ്ടായപ്പോൾ ജമാഅത്തെ ഇസ്‌ലാമിയും അതിന്റെ മാധ്യമങ്ങളും സ്വീകരിച്ച നിലപാട് ഇതര സംഘടനകൾ മാതൃകയാക്കേണ്ടതാണ്. എല്ലാ വിഭാഗങ്ങളാലും നിരന്തരം മുറിവേൽപിക്കപ്പെട്ട ഇസ്‌ലാമിക പ്രസ്ഥാനം ഇക്കാര്യത്തിൽ കാണിച്ച വിശാലമനസ്കത ചരിത്രത്തിൽ സ്ഥാനം പിടിക്കും.

**എൻ.പി അബ്ദുൽകരീം, ചേന്ദമംഗല്ലൂർ**

www.jihkerala.org

**പനമരം സമ്മേളനത്തിലെ പ്രസംഗങ്ങൾ**

പനമരത്തെ മുജാഹിദ് സംസ്ഥാന സമ്മേളനത്തിൽ ഹൽഖാ അമീർ ടി. ആരിഫലി, *മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്മാൻ എന്നിവർ ചെയ്ത പ്രസംഗങ്ങളുടെ ഓഡിയോ, ജമാഅത്ത് സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാവുന്നതാണ്.